തൊഴിൽ ലഭിക്കും. ഈ പദ്ധതികളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി നൽകിയിരുന്നു. †

(ബി) ഉണ്ട്

(സി) ഓരോ സ്ഥാപനത്തിന്റെ പ്രശ്നവും പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

17 (*137) കാലവർഷക്കെടുതി അനുഭവിക്കുന്നവർക്ക് ദുരിതാശ്വാസ നടപടികൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷവും പ്രകൃതിക്ഷോഭവുംമൂലം ദുരുതമനുഭവിക്കുന്നവർക്കും വീട് നഷ്ടപ്പെട്ടവർക്കും ആശ്വാസമേകാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവർക്കുവേണ്ടി എത്ര ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ആഹാരവും, വസ്ത്രവും മരുന്നും നൽകാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വീട് നഷ്ടപ്പെട്ടവർക്ക് വീട് പണിയാൻ സഹായധനം നൽകുമോ;

(ഇ) ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യറേഷൻ അനുവദിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഏതാനും പ്രദേശങ്ങളിൽ കാലവർഷവും പ്രകൃതിക്ഷോഭവും മൂലം ദുരിതമനുഭവിക്കുന്നവർക്ക് ഒരാഴ്ച സൗജന്യറേഷൻ അനുവദിച്ചുനൽകി ഉത്തരവായിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവരെ റിലീഫ് ക്യാമ്പുകളിൽ മാറ്റിപാർപ്പിക്കുകയും അവർക്ക് സൗജന്യ ആഹാരം, വൈദ്യസഹായം എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമെന്നുകണ്ടാൽ വസ്ത്രം വാങ്ങി നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 414

(സി) ആഹാരം, മരുന്ന് എന്നിവ നൽകിയിട്ടുണ്ട്. ആവശ്യമെന്നു കണ്ടാൽ വസ്ത്രം വാങ്ങി നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വീടു പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 15,000/ രൂപയും, ഭാഗികമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 5,000/ രൂപയും നഷ്ടത്തിന്റെ തോതനുസരിച്ച് വീട് പണിയാൻ ധനസഹായം നൽകുന്നുണ്ട്.

(ഇ) 'എ' -യിൽ പറഞ്ഞ പ്രകാരം സൗജന്യ റേഷൻ അനുവദിച്ചു നൽകി ഉത്തരവായിട്ടുണ്ട്.

18 (*138) വൈദ്യുതി ചാർജ്ജ് വർദ്ധനയോടനുബന്ധിച്ച് വ്യവസായങ്ങൾക്ക് ധനസഹായം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.സി ജോസഫ് :

ശ്രീ. എ. കെ. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലായി നടപ്പാക്കിയ വൈദ്യുതി ചാർജ് വർദ്ധന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഏതു വിധത്തിൽ ബാധിക്കുമെന്ന് പറയുമോ;

(ബി) ഈ വർദ്ധന മൂലം അവയുടെ പ്രവർത്തനഫലത്തിൽ എന്ത് നഷ്ടം അധികമായി ഉണ്ടാകാനിടയുണ്ട്;

(സി) ഈ നഷ്ടം നികത്തുവാൻ ഗവൺമെന്റ് അവയ്ക്ക് പ്രത്യേക ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉൽപ്പാദനചെലവിൽ വർദ്ധനയുണ്ടാകും. ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചാൽ വിപണനമാന്ദ്യം സംഭവിക്കാനുമിടയുണ്ട്.

(ബി) ഉദ്ദേശം 36 കോടി രൂപ

(സി)&(ഡി) പരിശോധിച്ചുവരുന്നു.

19 (*139) കാലവർഷക്കെടുതികൾക്കെതിരെ മുൻകരുതൽ നടപടികൾ

ശ്രീ. കെ. സി വേണുഗോപാൽ :

ശ്രീ. പാലോട് രവി :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി ശോഭനാജോർജ്ജ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനത്ത മഴയെത്തുടർന്നുണ്ടായ കെടുതികൾക്കിരയായവർക്ക് ഏർപ്പെടുത്തിയ ആശ്വാസനടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ ഏർപ്പെടുത്തിയ മുൻകരുതൽ നടപടികൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly